പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 196 23.03.2012-ൽ മറുപടിയ്ക്ക്

# രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. എ. റ്റി. ജോർജ്ജ് :<br>ശ്രീ. വർക്കല കഹാർ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ദരിദ്ര വിഭാഗങ്ങൾക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന കേന്ദ്ര പദ്ധതി നടപ്പാക്കുന്നതിൽ മുൻസർക്കാർ വീഴ്ച വരുത്തിയിട്ടുണ്ടോ ; വിശദ മാക്കുമോ ; | (എ) ദരിദ്ര വിഭാഗങ്ങളുടെ ഭവനങ്ങൾ സൗജന്യമായി വൈദ്യുതീകരിക്കുന്ന കേന്ദ്ര സർക്കാർ പദ്ധതിയായ ആർ. ജി. ജി.വി.വൈ പദ്ധതി ലക്ഷ്യമിട്ട അളവിൽ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. |
| (ബി) രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീ കരൺ യോജന പ്രകാരം എത്ര ട്രാൻസ്ഫോർമറുകളാണ് സ്ഥാപി ക്കേണ്ടിയിരുന്നത് ; ഇതിൽ എത്ര യെണ്ണം സ്ഥാപിച്ചിട്ടുണ്ട് ; | (ബി) പത്താം പഞ്ചവത്സര പദ്ധതി കാലത്ത് (2002-2007) ആർ. ജി. ജി. വി. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിൽ 308 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാനുള്ള അനുമതി ലഭിച്ചതിൽ 275 എണ്ണം സ്ഥാപിച്ചു. ഇടുക്കി ജില്ലയിലെ പദ്ധതി 30-06-2010-ൽ പൂർത്തീകരിച്ചു. 11-ാം പഞ്ചവത്സര പദ്ധതി ക്കാലത്ത് (2007-2012) ആർ. ജി. ജി. വി. വൈ പദ്ധതിയിൽ 6 വടക്കൻ ജില്ലകളായ കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നിവിടങ്ങളിൽ 1145 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാനുള്ള അനുമതി 10-03-2010-ൽ ലഭിച്ചിരുന്നു. ഇതിൽ നാളിതുവരെ 62 എണ്ണം സ്ഥാപിക്കുകയുണ്ടായി. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| (സി) പ്രസ്തുത പദ്ധതി പൂർത്തിയാക്കാത്ത തുമൂലം എന്തെല്ലാം നഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളത് ; വിശദമാക്കുമോ ; | (സി) & (ഡി) പദ്ധതി ടേൺ കീ അടിസ്ഥാന ത്തിലാണ് നടപ്പിലാക്കുന്നത്. രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കണ മെന്നാണ് നിബന്ധന. ആദ്യ |

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാത്ത തുമൂലം സംസ്ഥാനത്തിന് ലഭിക്കുന്ന കേന്ദ്ര സഹായത്തിൽ എന്തെല്ലാം കുറവുകളാണ് ഉണ്ടായിട്ടുള്ളത് ?

കോൺട്രാക്ട് നൽകിയിരിക്കുന്നത് 31-08-2010-ൽ ആണ്. പദ്ധതി പൂർത്തീകരിക്കുന്നതിന് അനുവദിച്ചിട്ടുള്ള കാലാവധിയ്ക്കു ള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കു വാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിനാൽ സംസ്ഥാനത്തിന് ലഭിക്കുന്ന കേന്ദ്ര സഹായത്തിൽ കുറ വുകൾ ഉണ്ടാകുകയില്ല.

സെക്ഷൻ ഓഫീസർ.